ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തിക കളിലെ ഒഴിവുകൾ

138. [905] ശ്രീ. കെ.പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(സി) കോഴിക്കോട് ജില്ലയിൽ ഈ വർഷം എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിച്ചെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 18 ഒഴിവുകൾ ഉണ്ട്.

തിരുവനന്തപുരം	-	10
കോട്ടയം	-	3
ഇടുക്കി	-	5

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ വേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 42 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്.

രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് തെരഞ്ഞെടുത്ത ആശുപത്രികൾ

139. [906] ശ്രീ. കെ.പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്തെ എത്ര ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് ;

(ബി) ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും കുറവു മൂലം എത്ര ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയാതെ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഉണ്ടായിട്ടും തൃശ്ശൂർ ജില്ലയിലെ പാറളം പി.എച്ച്.സി.യെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് തെരഞ്ഞെടുക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ആവശ്യമായ ഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ചേർപ്പ് സി.എച്ച്.സി.യിൽ എത്ര ഡോക്ടർമാരുടെയും നേഴ്സ് ഉൾപ്പെടെയുള്ള മറ്റുവിഭാഗം ജീവനക്കാരുടെയും തസ്തികകൾ ആണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) തൃശ്ശൂർ ജില്ലയിൽ എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഉണ്ട് ; ഇവയിൽ ഓരോന്നിലും അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തികകൾ എത്രവീതമെന്ന് വിശദമാക്കുമോ ;

(ജി) ചേർപ്പ് സി.എച്ച്.സി.യിൽ നിലവിലുള്ള കിടക്കകളുടെ എണ്ണവും ഒ.പി.യിലെ രോഗികളുടെ എണ്ണവും കണക്കിലെടുത്ത് കൂടുതൽ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ താലൂക്കിൽ താലൂക്കാശുപത്രിയില്ല എന്നത് കണക്കിലെടുത്ത് ചേർപ്പ് സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഐ) ചേർപ്പ് സി.എച്ച്.സി.യിൽ എക്സ്റേ യൂണിറ്റ് പ്രവർത്തിക്കാത്തതിന്റേയും ആംബുലൻസ് സർവ്വീസ് നിർത്തിവെച്ചതിന്റേയും കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 201 സ്ഥാപനങ്ങളിൽ കിടത്തി ചികിത്സ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ബി) 94 ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. 2-7-2005-ലെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം, ഈ സ്ഥാപനങ്ങളിൽ ഉൾപ്പെടെ 185 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(സി & ഡി) പാറളം പി.എച്ച്.സി.യിൽ അധിക തസ്തികകൾ സൃഷ്ടിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) ചേർപ്പ് സി.എച്ച്.സി.യിലെ എല്ലാ വിഭാഗം ജീവനക്കാരുടേയും ഒഴിവുകളുടേയും എണ്ണം അനുബന്ധമായി ചേർക്കുന്നു. †

(എഫ്) തൃശ്ശൂർ ജില്ലയിൽ 9 സി.എച്ച്.സി.കൾ ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	സി.എച്ച്.സി.യുടെ പേര്	അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തികകൾ	
		സിവിൽ സർജൻ	അസിസ്റ്റന്റ് സർജൻ
1.	ആലപ്പാട്	2	3
2.	മറ്റത്തൂർ	2	5
3.	ചേർപ്പ്	1	2
4.	പഴഞ്ഞി	1	6
5.	പെരിഞ്ഞനം	1	3
6.	തിരുവില്വാമല	1	3
7.	ചേലക്കര	1	5
8.	പുത്തൻചിറ	1	3
9.	വാടാനപ്പള്ളി	2	3

(ജി) അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(എച്ച്) ഇത് സംബന്ധിച്ച് നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഐ) കേടായി കിടക്കുന്ന എക്സ്റേ മിഷ്യന്റെ തകരാറ് പരിഹരിച്ച് എക്സ്റേ യൂണിറ്റ് പ്രവർത്തിപ്പിക്കാനും ഡ്രൈവറുടെ തസ്തിക അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആംബുലൻസിന് എച്ച്.ഡി.സി. വഴി ഡ്രൈവറെ നിയമിച്ച് സർവ്വീസ് നടത്തുന്നതിനുമുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കുന്നുണ്ട്.

ഗർഭച്ഛിദ്രത്തിന്റെ കണക്ക്

140. [907] പ്രൊഫ. കെ.വി. തോമസ് :
ശ്രീ. ജോർജ് ജെ. മാത്യു :
,, എം. മുരളി :
,, പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗർഭച്ഛിദ്രം നടത്തുന്നതിനുള്ള അനുവാദം എത്ര ആശുപത്രികൾക്ക് നൽകിയിട്ടുണ്ട് ;

(ബി) ഇവ നടത്തുന്ന ഗർഭച്ഛിദ്രങ്ങളുടെ കണക്ക് ഗവൺമെന്റിന് റിപ്പോർട്ട് ചെയ്യേണ്ടതുണ്ടോ ;

(സി) എങ്കിൽ 2004-ൽ സംസ്ഥാനത്ത് എത്ര ഗർഭച്ഛിദ്രങ്ങൾ നടത്തിയിട്ടുണ്ട് ;

(ഡി) 17 വയസ്സിൽ താഴെയുള്ള എത്രപേർ പ്രസ്തുത വർഷം ഗർഭച്ഛിദ്രത്തിന് വിധേയരായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly